STP - III

Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

**GOVERNMENT OF KERALA**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംയോജിത ജില്ലാ വികസന രൂപ രേഖയും (ഐ.ഡി.ഡി.പി), പ്രാദേശിക വികസന രൂപരേഖയും (എൽ.ഡി.പി) - തയ്യാറാക്കൽ പദ്ധതി - കൊല്ലം ജില്ല സംയോജിത വികസനരൂപരേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്

സ.ഉ.(സാധ)നം. 2577/2010/തസ്വഭവ. തീയതി, തിരുവനന്തപുരം, 4-8-2010

---

പരാമർശം:- 1) ജി.ഒ.(എം.എസ്)62/03/പ്ലാനിംഗ് തീയതി, 1-8-2003.
2) കൊല്ലം ജില്ലാ ആസൂത്രണ സമിതി ചെയർമാന്റെ 30-3-2010-ലെ സിഎ/എൽഡിപി-ഐ.ഡി.ഡി.പി/19-09 നമ്പർ കത്ത്.

## ഉത്തരവ്

ഇന്ത്യൻ ഭരണഘടനയുടെ 74-ാമത് ഭേദഗതി പ്രകാരം ജില്ലയിലെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതി ക്രോഡീകരിക്കുന്നതിനും ജില്ലയ്ക്കാകമാനം ഒരു കരട് വികസനരൂപരേഖ തയ്യാറാക്കുന്നതിനും വേണ്ടി ഓരോ സംസ്ഥാനവും ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കണമെന്നും, അപ്രകാരം വികസന രൂപരേഖ തയ്യാറാക്കുമ്പോൾ സ്ഥലപരാസൂത്രണം, ജലംപോലെയുള്ള പ്രകൃതി വിഭവങ്ങൾ പങ്കുവയ്ക്കൽ, പശ്ചാത്തല സൗകര്യങ്ങളുടെ സംയോജിത വികസനം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെയുള്ള പൊതുതാൽപര്യമുള്ള വിഷയങ്ങൾക്ക് ഊന്നൽ കൊടുക്കണമെന്ന്, അനുശാസിക്കുന്നുണ്ടെന്നും, ഇത്തരത്തിലുള്ള കൊല്ലം ജില്ലയുടെ സംയോജിത ജില്ലാ വികസന രൂപരേഖ, കൊല്ലം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കി, ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് സമർപ്പിച്ചതിന് സർക്കാരിന്റെ അംഗീകാരം നൽകുന്നതിന് നടപടികൾ

സ്വീകരിക്കണമെന്നും സൂചന 2 പ്രകാരം കൊല്ലം ജില്ലാ ആസൂത്രണ സമിതി ചെയർമാൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച, കൊല്ലം ജില്ലാ സംയോജിത വികസന രൂപരേഖയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
എം.ഉണ്ണികൃഷ്ണൻ,
അഡീഷണൽ സെക്രട്ടറി.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി, കൊല്ലം.
പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ